ഉത്തരം

കെ. എസ്. ഇ. ബി.-യെ കമ്പനികളാക്കി വിഭജിക്കുമ്പോൾ ആനുകൂല്യങ്ങൾ നൽകേണ്ട ഉത്തരവാദിത്വം, ഇലക്ട്രിസിറ്റി ആക്ട് 2003-ലെ 131-ഉം 133-ഉം സെക്ഷനുകൾ പ്രകാരം സർക്കാർ അംഗീകരിക്കുന്ന കൈമാറ്റ പദ്ധതി അനുസരിച്ച് ആണ് തീരുമാനിക്കേണ്ടത്. ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. കൈമാറ്റ പദ്ധതി ഉൾപ്പെടെയുള്ള വൈദ്യുതി മേഖലയുടെ പുനഃസംഘടനയെപ്പറ്റി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിനായി സംസ്ഥാന സർക്കാർ ദർഘാസ് ക്ഷണിച്ചിട്ടേയുള്ളൂ.

ലൈൻമാനായി വിരമിച്ച ശ്രീ. പി. പി. പ്രസന്നകുമാറിന്റ കമ്മ്യൂട്ടേഷൻ ആനുകൂല്യം

16 [897] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കെ. എസ്. ഇ. ബി.-യിൽ നിന്നും ഇൻവാലിഡ് പെൻഷൻ വാങ്ങിയ ശേഷം കമ്മ്യൂട്ടേഷൻ ഉത്തരവ് എത്ര പേർക്ക് നൽകി; വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) 1998 ജനുവരിയിൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും ലൈൻമാനായി ഇൻവാലിഡ് ഗ്രൗണ്ടിൽ റിട്ടയർ ചെയ്ത ശ്രീ. പി. പി. പ്രസന്നകുമാറിന് കമ്മ്യൂട്ടേഷൻ ഉത്തരവ് നൽകണമെന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ എന്ത് നടപടി സ്വീകരിച്ചു;

(സി) സ്റ്റേറ്റ് മെഡിക്കൽ ബോർഡും എ. ജി.-യും ശുപാർശ ചെയ്തിട്ടും കമ്മ്യൂട്ടേഷൻ കിട്ടുവാൻ അർഹതയുള്ള ശ്രീ. പി. പി. പ്രസന്നകുമാറിന് ഉത്തരവ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ശ്രീ. പി. പി. പ്രസന്നകുമാറിന് കമ്മ്യൂട്ടേഷൻ ഉത്തരവ് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ആർക്കും തന്നെ നൽകിയിട്ടില്ല.

(ബി—ഡി) നിവേദനം പരിശോധനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly